(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ-12/1362/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തീയതി.07.10.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 1-ാം ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 1,2,4 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഐ.ഡി.കെ.12/1362/2016

തിയ്യതി:07.10.2016

# ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ളഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25.04.2016 മുതൽ 24.9.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എസ്. മുരളീദാസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.9.2016 മുതൽ 30.9.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ എം കെ മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ ജോസഫ് ചാക്കോ | സീ.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ആർ സാമുവൽ രാജ് | സീ.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ബെന്നി മാത്യൂ | സീ.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ജോമോൻ ഫ്രാൻസീസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ കണ്ണൻ കാമരാജ് | 1.4.15 മുതൽ 31.10.15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 1.11.15 മുതൽ 18.11.15 വരെ |
| | ശ്രീമതി ശശികല മുരുകേശൻ | 19.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീ പി ആർ വിജയസേനൻ, ജെ.എസ്സ് (അധിക ചുമതല) | 1.4.15 മുതൽ 22.6.15 വരെ |
| | ശ്രീമതി പി ഇന്ദിര | 23.6.15 മുതൽ 31.3.16 വരെ |

| | | |
|---|---|---|
| അസ്സി. സെക്രട്ടറി | ശ്രീ. പി ആർ വിജയസേനൻ | 1.4.15 മുതൽ 30.9.15 വരെ |
| | ശ്രീ. ബിനു മാത്യൂസ്, | 1.10.15 മുതൽ 31.3.16 വരെ |
| അസ്സി. എഞ്ചിനിയർ | ശ്രീ. സിയാദ് എ | 1.4.15 മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ശ്രീ. ജേക്കബ് മാത്യൂ | 1.4.15 മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഷാജി ഇ കെ | 1.4.15 മുതൽ 31.3.16 വരെ |
| വി.ഇ.ഒ | ശ്രീമതി. റജിമോൾ ആർ. | 1.4.15 മുതൽ 31.3.16 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. മീരാൻ കെ എം | 1.4.15 മുതൽ 31.3.16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ആൻസി റ്റി യോഹന്നാൻ | 1.4.15 മുതൽ 30.1.16 വരെ |
| | ശ്രീമതി. ഷൈലജ വി കെ | 1.2.16 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. റൂബി മാമൻ | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ലത പി | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ശ്രീജിത്ത് | 1.4.15 മുതൽ 31.3.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തി വിശകലനം | 1-4 | |
| 5 | ഫണ്ട് വിനയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക ധനകാര്യപത്രിക സംബന്ധിച്ച അപാകതകൾ | 1-12 | |

| | | | |
|---|---|---|---|
| | ഭാഗം 2 | | |
| 13 | അനധികൃത കെട്ടിട നിർമ്മാണം തുടർ നടപടികൾ സ്വീകരിക്കുന്നതിൽ സെക്രട്ടറിക്കുണ്ടായ വീഴ്ച്ച | 2-1 | |
| 14 | മൊബൈൽ ടവർ – വസ്തു നികുതി ഈടാക്കുന്നില്ല | 2-2 | |
| 15 | ഷട്ടറുകൾ സ്ഥാപിക്കുന്നതിന് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നില്ല | 2-3 | |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-4 | |
| 17 | ജവഹർ ഭവന പദ്ധതി – വി. ഇ. ഒ.യുടെ അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല | 2-5 | |
| | ഭാഗം 3 | | |
| 18 | റോഡ് കോൺക്രീറ്റ് അധിക നിരക്ക് നൽകി – നഷ്ടം ₹ 61350 | 3-1 | |
| 19 | ബിറ്റുമിന്റെ വില വ്യത്യാസം കരാറുകാരനിൽ നിന്നും ഈടാക്കിയില്ല നഷ്ടം ₹ 69506 | 3-2 | |
| 20 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി–സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും വാറ്റ് ഈടാക്കിയില്ല –നഷ്ടം ₹109999 | 3-3 | |
| 21 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളുകൾക്കും ഗ്രാമ കേന്ദ്രങ്ങൾക്കും ഫർണിച്ചർ വാങ്ങിയതിലെ അപാകതകൾ – നഷ്ടം ₹37200 | 3-4 | |
| 22 | പാലീയേറ്റീവ് കെയർ പദ്ധതിയിൽ അപാകതകൾ നഷ്ടം | 3-5 | |
| 23 | പച്ചക്കറി വികസനം/ഏലം കൃഷി പുനരുദ്ധാരണം–ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല ചെലവ് തടസ്സം | 3-6 | |
| 24 | ഐ.എ.വൈ വിഹിതം നൽകിയത് – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല തടസ്സം | 3-7 | |
| 25 | മുയൽ വളർത്തൽ പദ്ധതിയിലെ അപാകതകൾ | 3-8 | |
| 26 | ഉൽസവ ബത്ത തിരികെ ഈടാക്കാത്തത് സംബന്ധിച്ച് | 3-9 | |
| | ഭാഗം 4 | | |
| 27 | സംയുക്ത പ്രോജക്ടുകൾ സംബന്ധിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് സംബന്ധിച്ച് | 4-3 | |
| 30 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |

| | | | |
|---|---|---|---|
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സാമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശംങ്ങൾ | 4-7 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 | |
| 37 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 | |
| 38 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 | |
| 39 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-4 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27.3.2015 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 16.7.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

സർട്ടിഫിക്കറ്റ് അനുബന്ധം- 1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25029845 |
| വരവ് | 48961673 |
| ആകെ | 73991518 |
| ചെലവ് | 68771363 |
| നീക്കിയിരിപ്പ് | 5220155 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5641901 | 4773961 | 8845916 | 10415862 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1425393 | 3204015 | 4629408 | 4629408 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 325163 | 1441511 | 1766674 | 1766674 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 624642 | 7593209 | 8217851 | 8217851 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 689019 | 2370398 | 3059417 | 3059417 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5812206 | 8189257 | 14001463 | 14001463 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4584490 | 487598 | 5072088 | 5072088 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 31959 | 555574 | 587533 | 582818 | 4715 |
| ബി ഫണ്ട് | - | 99305009 | 9930500 | 9930500 | - |
| റ്റി എസ്സ് ബി | 0 | 2022503 | 2022503 | 0 | 2022503 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 86099582 | 132 | 47742180 | 14 | 27 | 76.30 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ
ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 4.16 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2503678 | 2064063 | -439615 | -17.55 |
| നികുതിയേതര വരവുകൾ | 405990 | 181712 | -224278 | -55.24 |
| മറ്റു വരവുകൾ | 0 | 785154 | 785154 | 100 |
| ആകെ | 2909668 | 3030929 | 121261 | 4.16 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4080 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 14400 | 2 |
| വിധവാപെൻഷൻ | 3497280 | 315 |
| വാർദ്ധക്യകാലപെൻഷൻ | 5442180 | 601 |
| വികലാംഗപെൻഷൻ | 953680 | 76 |
| പാവപ്പെട്ട വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം | 30000 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.9.2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7126/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ സൂക്ഷിക്കുന്നത് തൃപ്തികരമായല്ല. 10,11 എന്നീ വാർഡുകളിലൊഴികെയുള്ള 14 വാർഡുകളിലും ചട്ടപ്രകാരമുള്ള വസ്തു നികുതി നിർണ്ണയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഫീസ് നവീകരണം നടക്കുന്നതിനാൽ ഫ്രണ്ട് ഓഫീസ് സുഗമമായി പ്രവർത്തിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട് എങ്കിലും ടോയിലറ്റ്, ഫീഡിംഗ് റൂം സൗകര്യങ്ങൾ അനുബന്ധമായി ഒരുക്കിയിട്ടില്ല. പൊതുജന പരാതികളും സേവനങ്ങൾക്കുള്ള അപേക്ഷകളും ഫ്രണ്ട് ഓഫീസിൽ നിന്നും നമ്പരിട്ട് അതാത് സെക്ഷനിലേക്ക് നൽകുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. രജിസ്റ്ററുകൾ തൃപ്തികരമായി സൂക്ഷിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എല്ലാ വാർഡുകളിലും ഗ്രാമസഭകൾ കൃത്യമായി കൂടിയിട്ടുണ്ട്. പദ്ധതി രൂപീകരണത്തിനായി വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമായി നടന്നു വരുന്നില്ല. മരാമത്ത് പ്രോജക്ടുകളുടെ എണ്ണം താരതമ്യേന കൂടുതലായതിനാൽ ഫലപ്രദമായി മോണിറ്ററിംഗ് നടത്തുവാൻ പ്രായോഗികമായ വൈഷമ്യങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ജോലികൾ ജീവനക്കാർക്ക് വിഭജിച്ചു നൽകിയിട്ടുണ്ട് എന്നിരിക്കിലും ഏൽപ്പിക്കപ്പെട്ട ചുമതലകൾ യഥാസമയം തൃപ്തികരമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.9.16 | ഓഗസ്റ്റ് 2016 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.4.2003 | 1997-98 മുതൽ 2002-2003 വരെ | 23.11.2010 |

## 1-12 വാർഷിക ധനകാര്യ പത്രിക-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി 4

ഷെഡ്യൂളിൽ കൊടുത്തിരിക്കുന്ന NREGAഒഴികെയുള്ള എല്ലാ പ്രത്യേക ഉദ്ദേശ ഗ്രാന്റുകളും തനത് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. അവയുടെ ആകെ തുക ₹ 3767668/- തനത് ഫണ്ട് (450210101) നീക്കിയിരിപ്പുമായി (₹3192937) പൊരുത്തപ്പെടുന്നില്ല

2. ഷെഡ്യൂൾ ബി 5

തൻവർഷം തുടങ്ങിയ ജവഹർ ഭവന പദ്ധതിയുടെ ആദ്യ മൂന്ന് ഗഡുക്കളിലായി ആകെ ₹3100000/- പഞ്ചായത്തിന്റെ അക്കൗണ്ട് വഴി വി.ഇ.ഒയുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച യാതൊരു വിശദാംശവും വാർഷിക ധനകാര്യ പത്രികയിൽ ഇല്ല

3. ഷെഡ്യൂൾ ബി 7

ഡെപ്പോസിറ്റ് രജിസ്റ്ററിൽ ബാദ്ധ്യതയായി കാണിച്ചിരിക്കുന്ന തുക ₹163415/-യാണ്. എന്നാൽ വാർഷിക ധനകാര്യ

പത്രികയിൽ ആയത് ₹254459/- ആണ്.

4. ഷെഡ്യൂൾ ബി 9

അദർ ലയബിലിറ്റീസ്(350800299)എന്ന ഹെഡിൽ സെക്യേർഡ് ലോൺ ഫ്രം കോപ്പറേറ്റീവ് ബാങ്ക്സ് എന്ന വിശദീകരണത്തോടെ ₹525000/- ബാധ്യതയായി കാണിച്ചിരിക്കുന്നു. ഉപോൽബലകമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത ബാദ്ധ്യതയുടെ കൃത്യത വ്യക്തമല്ല

5. ഷെഡ്യൂൾ ബി 11

ആസ്തികളുടെ മൂല്യ നിർണയം നടത്തി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്തിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

6. മുൻവർഷങ്ങളിലോ തൻവർഷത്തിലോ സീവേയ്ജ് ആൻറ് ഡ്രെയിനേജ്, വാട്ടർവേയ്സ് ഹെഡുകളിൽ ആസ്തിയില്ല. തൻ വർഷം ഈ ഇനങ്ങളിൽ ഡിപ്രിസിയേഷൻ കാണിച്ച് തുക എഴുതി തള്ളിയിട്ടുണ്ട്. ആസ്തി ഇല്ലാതെ ഡിപ്രിസിയേഷൻ ഉണ്ടാകില്ല എന്നതിനാൽ ഇത് തെറ്റാണ്.

7.ഷെഡ്യൂൾ ബി 15

പഞ്ചായത്തിന്റെ പ്രധാന വരവിനങ്ങളായ കെട്ടിട നികുതി, തൊഴിൽ നികുതി, ഡി ആന്റ് ഒ ലൈസൻസ് ഫീസ്, വാടക എന്നിവയ്ക്ക് കൃത്യമായ 'ഡേറ്റാബേസ്'' തയ്യാറാക്കി അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കാത്തതിനാൽ പഞ്ചായത്തിൽ ലഭ്യമായ ഡി.സി.ബി രജിസ്റ്ററുകൾ ആണ് മേൽ ഇനങ്ങളുടെ ആധികാരിക രേഖകളായി പരിഗണിച്ചത്.

ഡി.സി.ബി രജിസ്റ്ററുകളിൽ ഡിമാൻറ്, കളക്ഷൻ, ബാലൻസ് എന്നിവ കൃത്യതയോടെ രേഖപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

8. എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ(C=A-B) നെഗറ്റീവ് തുക വന്നിരിക്കുന്നു.(ഗ്രാന്റ് തുകകൾ കൃത്യമായി റവന്യൂ-ക്യാപ്പിറ്റൽ ഇൻകമായി എടുക്കാത്തതുകൊണ്ടാകാം ഇങ്ങനെ സംഭവിക്കുന്നത്.)

9. പ്രയർ പീരിയഡ് ഐറ്റത്തിൽ (I-18) ചുവടെ ചേർക്കുന്ന ക്രമീകരണം നടത്തിയിട്ടുണ്ട്.

| കോഡ് നമ്പർ | ക്രമീകരിച്ച തുക | ക്രമീകരിച്ച വിധം | അപാകത |
|---|---|---|---|
| 280200401 | 511458 | മുൻവർഷത്തെ ബെനഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിലുള്ള ചെലവായി കാണിച്ച് ക്രമീകരിച്ചു. | ക്രമീകരണത്തെ സാധൂകരിക്കുന്ന രേഖകൾ/വിശദീകരണങ്ങൾ ഇല്ല |

| | | | |
|---|---|---|---|
| 280800301 | 87690 | മുൻവർഷത്തെ ചെലവിന് ക്യാഷ് നൽകിയതായി കാണിക്കുന്നു. | |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 അനധികൃത കെട്ടിട നിർമ്മാണം-തുടർ നടപടികൾ സ്വീകരിക്കുന്നതിൽ സെക്രട്ടറിയ്ക്കുണ്ടായ വീഴ്ച

ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് മൂന്നാം വാർഡിൽ ചെമ്മണ്ണാർ ടൗണിൽ, പഞ്ചായത്തിൽ നിന്നുള്ള നിർമ്മാണ പെർമിറ്റോ മറ്റ് അനുമതികളോ ഇല്ലാതെ ശ്രീ.പി.ജെ.അലക്സാണ്ടർ, പാലക്കുഴയിൽ, ചെമ്മണ്ണാർ എന്ന വ്യക്തി അനധികൃമായി നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന് ജൂനിയർ സൂപ്രണ്ടായ ശ്രീ.പി.ആർ.വിജയസേനൻ അധികാര ദുർവിനിയോഗം നടത്തി 25-7-15-ൽ കരമടച്ച് നൽകിയെന്നും കെട്ടിടം അസ്സസ് ചെയ്തതായി 10-08-2015-ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയെന്നും ആയതിനാൽ അധികാര ദുർവിനിയോഗം നടത്തിയ ജൂനിയർ സൂപ്രണ്ടിനെതിരെ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി ബഹു.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് 13-05-2016-ന് കത്ത്(A2-1614/16) നൽകിയിരുന്നു. കുത്തുങ്കൽ ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ടിന്റെ ഭാഗമായതിനാൽ ചെമ്മണ്ണാർ ഭാഗത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി പഞ്ചായത്തിന് നൽകാനാവില്ല എന്നും കത്തിൽ സൂചിപ്പിക്കുന്നുണ്ട്.

23-05-2016-ന് പഞ്ചായത്തിൽ ഹാജരായി ഇതു സംബന്ധിച്ച് ശ്രീ.അലക്സാണ്ടർ നല്കിയ വിശദീകരണം തൃപ്തികരമല്ലെന്നും വില്ലേജാഫീസിൽ നിന്ന് ലഭിക്കുന്ന കൈവശാവകാശ സർട്ടിഫിക്കറ്റ് അടക്കം സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ അദ്ദേഹത്തിന് ഹാജരാക്കാൻ സാധിച്ചില്ലെന്നും വ്യക്തമാക്കി 07-06-2016-ലെ A2-1614/16നമ്പർ ഉത്തരവ് പ്രകാരം, മുമ്പ് അനധികൃതമായി അനുവദിച്ച് നൽകിയ 13 കെട്ടിട നമ്പരുകളും സെക്രട്ടറി റദ്ദ് ചെയ്തിട്ടുണ്ട്.

നേരിട്ട് സന്ദർശിച്ചപ്പോൾ പ്രസ്തുത കെട്ടിടത്തിൽ ഉടുമ്പൻചോല സഹകരണ ബാങ്കിന്റെ ഒരു ശാഖയും ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ അമൃത മെഡിക്കൽസ് എന്ന സ്ഥാപനവും പ്രവർത്തിക്കുന്നതായി കണ്ടു. ബാങ്ക് 4/2015 മുതൽ പ്രവർത്തിക്കുന്നതായി മാനേജർ അറിയിച്ചു.

സംഭവിച്ച കാര്യങ്ങൾ മേലധികാരികളെ അറിയിക്കുകയും അനധികൃതമായി അനുവദിച്ച കെട്ടിട നമ്പരുകൾ റദ്ദാക്കുകയും മാത്രമാണ് ഇക്കാര്യത്തിൽ സെക്രട്ടറി സ്വീകരിച്ച ലളിതമായ നടപടികൾ. 2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20-ൽ 1 മുതൽ 3 വരെയുള്ള ഉപചട്ടങ്ങളിൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അനധികൃത നിർമ്മാണം പൊളിച്ചു നീക്കേണ്ടതായിരുന്നു. ഉപചട്ടം 4-ൽ സൂചിപ്പിക്കുന്ന പ്രകാരം, ശ്രീ.അലക്സാണ്ടർക്കെതിരെ പ്രൊസിക്യൂഷൻ നടപടികൾ ആരംഭിക്കേണ്ടതുമായിരുന്നു. കൂടാതെ, പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അടച്ചു പൂട്ടാനുള്ള നടപടിയും കൈക്കൊള്ളേണ്ടതായിരുന്നു. സർവ്വസജ്ജമായ നിയമങ്ങളും ചട്ടങ്ങളും നിലവിലിരിക്കെ നാളിതുവരെ യാതൊരു തുടർനടപടിയും സ്വീകരിക്കാത്തത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണുന്നു. അനധികൃത നിർമ്മാണങ്ങളും ജോലികളും കണ്ടുപിടിക്കുകയും

തടയുകയും ചട്ടങ്ങൾ പ്രകാരം മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടത് സെക്രട്ടറിയുടെ ഉത്തരവാദിത്വമാണെന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 134-ൽ വ്യക്തമാക്കുന്നുണ്ട്.

ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം, 2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20-ൽ 5, 6 ഉപചട്ടങ്ങളിൽ അനുശാസിക്കും പ്രകാരമുള്ള തുടർനടപടികൾ സെക്രട്ടറിക്കെതിരെ സ്വീകരിക്കണമെന്ന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതാണ്.

## 2-2 മൊബൈൽ ടവർ-വസ്തുനികുതി ഈടാക്കിയില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14-01-2011-ലെ 19/2011 നമ്പർ ഉത്തരവിൽ ഗ്രാമ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി, ലഭ്യമായ തോതിന്(400-500)അനുസൃതമായി, നിശ്ചയിച്ച് ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം വസ്തുനികുതി ച.മീറ്ററിന് കുറഞ്ഞത് 400 രൂപയാണ്. ഗ്രാമ പഞ്ചയത്തിന്റെ വസ്തുനികുതി രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി തൻവർഷം ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നമ്പർ | മൊബൈൽ കമ്പനി | ടവറിന്റെ അളവ് | ഈടാക്കേണ്ട നികുതി |
|---|---|---|---|
| 1 | എസ്സാർ ടെലികോം(5/240)ചതുരംഗപ്പാറ | 20 $M^2$ | 8000 |
| 2 | മൊബൈൽ ടവർ(6/553)<br>കല്ലുപാലം | 20 $M^2$ | 8000 |
| 3 | കെ.സതീഷ്(12/138) | 20 $M^2$ | 8000 |
| 4 | എസ്സാർ ടെലകോം(12/606) | 20 $M^2$ | 8000 |
| 5 | ഐഡിയ സെല്ലുലാർ ലിമി.(13/239) മേസ്സി എസ്റ്റേറ്റ് | 20 $M^2$ | 8000 |
| 6 | മൊബൈൽ ടവർ(13/240) വല്ലറക്കൻപാറ | 20 $M^2$ | 8000 |
| 7 | വഡാഫോൺ എസ്സാർ ലിമി.(13/289) | 20 $M^2$ | 8000 |
| | | ആകെ | 56000 |

മേൽ തുക,12 ശതമാനം പലിശ സഹിതം കമ്പനികളിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക കൃത്യമായി നിർണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 2-3 ഷട്ടറുകൾ സ്ഥാപിക്കുന്നതിന് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കിയില്ല

രാജേന്ദ്രൻ നായർ(ചെല്ലം എസ്റ്റേറ്റ്, ഉടുമ്പൻചോല) എന്ന വ്യക്തിക്ക് 28ഷട്ടർ മുറികളുള്ള കെട്ടിടം പണിയുന്നതിന് A2-218/15-16/ 11-02-2016 നമ്പർ പെർമിറ്റ് പ്രകാരം അനുവാദം നല്കിയിരുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(3) ഷെഡ്യൂൾ II-ലെ കോളം 10-ൽ സൂചിപ്പിക്കുന്ന നിരക്കിലുള്ള പെർമിറ്റ് ഫീസ്(കാറ്റഗറി 2 പഞ്ചായത്ത് ആയതിനാൽ ഒരു യൂണിറ്റിന് ₹100)സൂചിത മുറികളുടെ ഷട്ടറുകൾ സ്ഥാപിക്കുന്നതിന് ഈടാക്കേണ്ടതായിരുന്നു. അപ്രകാരം ചെയ്യാത്തതിനാൽ ഈയിനത്തിൽ പഞ്ചായത്തിന് ആകെ ₹2800(28x100)-യുടെ വരവ് നഷ്ടമുണ്ടായിരിക്കുന്നു. ആയത് കെട്ടിട ഉടമയിൽ നിന്ന് 12% പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന കള്ള് ഷാപ്പുകൾ, റേഷൻ കടകൾ, സപ്ലൈകോ മാവേലി സ്റ്റോർ, ഉടുമ്പൻചോല സർവ്വീസ് സഹകരണ ബാങ്കിന്റെ പാറത്തോട്ടം ചെമ്മണ്ണാറുമുള്ള ശാഖകൾ എസ്റ്റേറ്റുകൾ, പാറത്തോട് അർബൻ സർവ്വീസ് സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ നിന്ന് തൻവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ജവഹർ ഭവന പദ്ധതി - വി ഇ ഒ യുടെ അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല.

54 കുടുംബങ്ങൾക്ക് ₹ 2,00,000/- നിരക്കിൽ ₹ 1,08,00,000/- 11% നിരക്കിൽ ലോൺ ലഭ്യമാക്കുന്നതിന് ഇടുക്കി ജില്ലാ സഹകരണ ബാങ്കുമായി 26.2.2016 ൽ ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഇടപാടുകൾ ഐ.ഡി.സി.ബി, ചെമ്മണ്ണാർ ശാഖയിലാണ് നടത്തുന്നത്. തൻവർഷം 3 ഗഡുക്കളായി ₹31,00,000/- വി.ഇ.ഒ യുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ട് പലിശ ലഭിക്കാത്ത കറന്റ് അക്കൗണ്ടാണ് . 11% പലിശ ഒടുക്കേണ്ട തുകയാണ് ഇപ്രകാരം കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത്. മേൽ കരാറിൽ പ്രസ്തുത അക്കൗണ്ട് ഐ.ഡി.സി.ബി-യിൽ തന്നെ നിലനിർത്തണമെന്നോ, അഥവാ നിലനിർത്തിയാൽ തന്നെ പലിശ ലഭിക്കാത്ത അക്കൗണ്ടായി തുടരണമെന്നോ വ്യവസ്ഥയില്ല. ആയതിനാൽ ഈ അക്കൗണ്ട് പലിശ ലഭിക്കുന്ന അക്കൗണ്ടായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽ അക്കൗണ്ട് പലിശ ലഭിക്കുന്ന മറ്റൊരു ബാങ്കിലേയ്ക്ക് മാറ്റി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് ചട്ടങ്ങൾ പാലിക്കാതെ ഒക്യുപൻസി നല്കി

ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് പതിമൂന്നാം വാർഡിൽ ഉടുമ്പൻചോല ടൗണിൽ, ശ്രീ.കെ.കെ.തോമസ് കുരികാട്ട് കൽത്തൊട്ടി എന്ന വ്യക്തിക്ക് 341എം$^2$ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 492.90എം$^2$ മാത്രമുള്ള കോമേഴ്സ്യൽ കം സ്പെഷ്യൽ റെസിഡെൻഷ്യൽ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് പെർമിറ്റ് നമ്പർ A2-38/BP/2013-14/ 14-03-2014 പ്രകാരം അനുമതി നല്കിയിരുന്നു. 2015 മാർച്ചിൽ വസ്തുനികുതി നിർണ്ണയം പൂർത്തിയാക്കി ഒക്യുപൻസിയും കെട്ടിട നമ്പരുകളും(XIII/50B-N) നല്കിയിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ പെർമിറ്റ്, വസ്തുനികുതി നിർണ്ണയ പത്രിക തുടങ്ങി എല്ലാ

രേഖകളും ഒരേ സമയം ചേർത്ത് പരിശോധിച്ചപ്പോൾ ഗുരുതരമായ അപാകതകൾ കണ്ടു. ആയതിനാൽ പെർമിറ്റും വസ്തുനികുതി നിർണ്ണയം നടത്തി അനധികൃതമായി നല്കിയ 13 കെട്ടിട നമ്പരുകളും അടിയന്തിരമായി റദ്ദ് ചെയ്യേണ്ടതാണ്. കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പൂർത്തീകരണ സർട്ടിഫിക്കറ്റും പ്ലാനും ഇല്ല. എന്നാൽ ആകെ അളവ് 677.2എം$^2$ കാണിക്കുന്നതും ഉപയോഗ ഇനത്തിൽ മാറ്റം വരുത്തിയതുമായ മറ്റൊരു പ്ലാൻ ഫയലിൽ ഉണ്ട്. പ്രസ്തുത കെട്ടിടം പ്രാഥമികമായി പരിശോധിച്ചപ്പോൾ, സൂചിത പ്ലാൻ പ്രകാരമാണ് നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നതെന്ന് വ്യക്തമായി. എന്നാൽ നിലകൾ പൂട്ടിയിട്ടിരിക്കുന്നതിനാൽ കെട്ടിടത്തിന്റെ കൃത്യമായ അളവെടുക്കാനായില്ല. അസി.എഞ്ചിനീയറുടെ സഹായത്തോടെ ആകെ തറവിസ്തീർണ്ണം കൃത്യമായ അളന്ന് അനധികൃത നിർമ്മാണത്തിന്റെ ഫീസ് ഈടാക്കേക്കേണ്ടതാണ്. ലഭ്യമായ പ്ലാനിലെ വിവരങ്ങൾ വച്ച് കണക്കാക്കിയത് ചുവടെ ചേർക്കുന്ന ഫീസ് ഈടാക്കേണ്ടതാണ്.

| | |
|---|---|
| അനധികൃത നിർമ്മാണത്തിന് ഒടുക്കേണ്ട ഫീസ് | = (677.2-492.9)10 =1843/- |
| എഫ്.എ.ആറിന് ഒടുക്കേണ്ട ഫീസ്<br>(അധിക ഫീസ് ആവശ്യമില്ലാത്ത<br>അളവ് =341x1.75=596.75) | =(677.2-596.75)500=40225/- |

സൂചിത അളവിൽ കൂടിയ നിലവിസ്തീർണ്ണം ഇനിയുള്ള പരിശോധനയിൽ കണ്ടെത്തുകയാണെങ്കിൽ ആയതിനനുസൃതമായി അധികഫീസ് ഈടാക്കേണ്ടതാണ്.

2) അംഗീകൃത പ്ലാനിൽ, കാർ പാർക്കിംഗിനായി സെല്ലാർ നീക്കിവച്ചിരിക്കുന്നു. എന്നാൽ പുതിയ പ്ലാനിൽ ആ ഭാഗം വാസഗൃഹമാക്കി മാറ്റിയിരിക്കുന്നു. കെട്ടിടത്തിലും മാറ്റം ദൃശ്യമാണ്. ചുവടെ ചേർക്കുന്ന പ്രകാരം ആവശ്യമായ എണ്ണം കാർ പാർക്കിംഗ് കെട്ടിടത്തിൽ ഇപ്പോൾ ഇല്ല.

| | |
|---|---|
| രണ്ട് നിലകൾ(GF&FF) വാണിജ്യത്തിന് ഉള്ളതാകയാൽ അവയുടെ കാർപെറ്റ് വിസ്തീർണ്ണം(80%) | =340.6x80/100=272.48എം$^2$ |
| 75എം$^2$-ന് ഒന്ന് എന്ന കണക്കിൽ വാണിജ്യ കെട്ടിട ത്തിന് ലഭ്യമാക്കേണ്ട കാർ പാർക്കിംഗ് | =272.48/75=3.633 |
| വാസയൂണിറ്റിന് ലഭ്യമാക്കേണ്ട കാർ പാർക്കിംഗ് (മൂന്ന് യൂണിറ്റ് ഒരു | =6/3=2 |

| | |
|---|---|
| പാർക്കിംഗ് എന്ന രീതിയിൽ) | |
| ആകെ കാർ പാർക്കിംഗ് | =5.633 |
| ക്യാറ്റഗറി 2 പഞ്ചായത്ത് ആയതിനാൽ, പ്രസ്തുത കെട്ടിടത്തിൽ ലഭ്യമാക്കേണ്ട ആകെ കാർ പാർക്കിംഗ്(കണക്കാക്കിയതിന്റെ 75%) | =5.633x75/100=4.22=>5(ഭിന്നസംഖ്യകളുണ്ടെങ്കിൽ അത് അടുത്ത പൂർണ്ണ സംഖ്യയാക്കി മാറ്റേണ്ടതാണെന്ന് ചട്ടം 38-ലെ കുറിപ്പിൽ പറയുന്നു.) |

മേൽ സൂചിപ്പിക്കും പ്രകാരം ആവശ്യത്തിന് കാർ പാർക്കിംഗ് ഇല്ലാത്തിനാൽ, സർക്കാരിൽ നിന്ന് ക്രമവത്കരണം ലഭിച്ചാൽ മാത്രമാണ് ഒക്യുപൻസി നൽകാൻ പഞ്ചായത്തിന് അനുവാദമുള്ളത്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. 2014-ലെ പഞ്ചായത്ത് ബിൽഡിംഗ് (റഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം, കുറവുള്ള ഓരോ പാർക്കിംഗിനും അഞ്ച് ലക്ഷം രൂപ എന്ന കണക്കിൽ 5 പാർക്കിംഗിന് ആകെ 25 ലക്ഷം രൂപ സർക്കാരിൽ അടവാക്കി അനധികൃത നിർമ്മാണം ക്രമവത്കരിക്കാവുന്നതാണ്.

3) അംഗീകൃത പ്ലാനിലോ പുതിയ പ്ലാനിലോ കാണുന്ന കാർപെറ്റ് വിസ്തീർണ്ണമല്ല വസ്തുനികുതി നിർണ്ണയ വേളയിൽ പരിഗണിച്ചിരിക്കുന്നത്. എല്ലാ മുറികളുടെയും അളവ് കുറച്ചാണ് കാണിച്ചിരിക്കുന്നത്. യഥാർത്ഥത്തിലുള്ള അളവ് പരിഗണിക്കാത്തതിനാൽ വസ്തുനികുതിയിനത്തിൽ ഗണ്യമായ തുകയുടെ നഷ്ടമാണ് ഓരോ വർഷവും പഞ്ചായത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.കെട്ടിട നമ്പരുകൾ അടിയന്തിരമായി റദ്ദുചെയ്ത് യഥാർത്ഥ അളവിൽ വസ്തു നികുതി നിർണ്ണയം നടത്തേണ്ടതാണ്.

നല്കിയ കെട്ടിട നമ്പരുകൾ അടിയന്തിരമായി റദ്ദു ചെയ്തതിനുശേഷം സൂചിത അപാകതകൾ പരിഹരിച്ച് കെട്ടിട ഉടമയിൽ നിന്ന് ആവശ്യമായ ഫീസ് 12 ശതമാനം പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം, പ്രസ്തുത തുകകളുടെ നഷ്ടത്തിന് നിലവിലുള്ള സെക്രട്ടറിയെ ഉത്തരവാദിയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി നഷ്ടം ₹ 61190/-

കോൺക്രീറ്റ് റോഡ് നിർമാണത്തിൽ 1:4:8 അനുപാതത്തിലുള്ള സബ് ബേസ് കോൺക്രീറ്റിംഗിനു മുകളിൽ 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിംഗ് നടത്തുന്നതിന് ഡി.എസ്.ആർ ഇനം 4.1.3 പ്രകാരം കൺവീനർക്ക് ₹ 7062/എം$^3$നിരക്കും കരാറുകാരന് ₹8566.40 നിരക്കുമാണ് നൽകേണ്ടത് . എന്നാൽ താഴെ പരാമർശിച്ചിരിക്കുന്ന

പ്രവൃത്തികളിൽ ഡി.എസ്.ആർ ഇനം 11.7 അനുസരിച്ചുള്ള സി.സി 1:2:4 ന മുകളിൽ മിനുക്ക പണി ഉൾപ്പടെയുള്ള ഫ്ലോറിംഗിനുള്ള നിരക്കായ ₹ 7440/എം$^3$ കൺവീനർക്കും ₹8123.30/എം$^3$ കരാറുകാരനും നൽകിയിരിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എം.ബുക്ക് നം./കൺവീനറുടെ പേര്/അടങ്കൽ | സി.സി 1:2:4 ചെയ്ത അളവ് എം$^3$ | ₹7440/എം$^3$ നിരക്കിൽ നൽകിയ തുക/ ബിൽ നം & തുക | ₹7062/എം$^3$ നിരക്കിൽ നൽകാവുന്ന തുക | എ.എസിൽ പരിമിത പ്പെടുത്തുന്നതിന് കുറച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|---|---|
| 1) | എഴുമലക്കുടി റോഡ്. പ്രോ.നം 51/16 | 265/15-16<br>കെ.ആർ ഗോപാലൻ<br>400000/- | 19.021 | 141523/-<br>46/29.2.16<br>400000/- | 134326 | 651 | 6546 |
| 2) | കാരിത്തോട് എസ്.സി കോളനി റോഡ് 37/16 | 266/15-16<br>വീരമണി<br>400000/- | 20.480 | 152379<br>47/25.2.16<br>40000/- | 144630 | | 7749 |
| 3) | എസ്.ആർ പ്ലാന്റേഷൻ റോഡ് 48/16 | 270/15-16<br>മാത്യു ജോസഫ്<br>400000/- | 20.36 | 151487<br>49/25.2.16<br>40000/- | 143782 | 993 | 6712 |
| 4) | ജോൺസിപ്പടി റോഡ് 164/16 | 271/14-15<br>റോയി കുര്യൻ<br>113286/- | 6.46 | 48065/-<br>48/25.2.16<br>113286/- | 45621 | | 2444 |
| 5) | വെങ്കലപ്പാറ-ആട്ടുപാറ റോഡ് 41/16 | 296/14-15<br>കരാർ-മനേഷ് ജേക്കബ്<br>750000/- | 39.06 | 334213@8556.40/M3 (15% CPOH)<br>52/25.2.16<br>562438 | 317218@8121.3/M3 (15% CPOH) | 4229<br>(25% ടെണ്ടർ കിഴിവ്) | 12766 |
| 6) | അമ്പലപ്പടി റോഡ് 168/16 | 212/15-16<br>പി.ദാസ്<br>300000/- | 17.10 | 127231<br>40/20.1.16<br>299908 | 120760 | | 6471 |
| 7) | പെരുമാങ്കളം റോഡ് 53/16 | 210/15-16<br>എൽ. കണ്ണൻ | 10.13 | 75371<br>39/21.1.16 | 71538 | 333 | 3500 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 200000/- | | 200000/- | | | |
| 8) | ക്കലാർ എസ്.സി കോളനി റോഡ് 153/16 | 177/15-16 അശോകൻ 400000/- | 13.50 | 100445 35/30.12.15 400000/- | 95337 | | 5108 |
| 9) | ആർകെവി കോളനി റോഡ് 154/16 | 209/15-16 ജോർജ് വർക്കി 215046/- | 12.26 | 91219 38/21.1.16 215046/- | 86580 | | 4639 |
| 10) | മാടപ്പാട്ടുപടി റോഡ് 52/16 | 339/15-16 ജയിംസ് മാത്യൂ 500000/- | 16.078 | 137570@8556.40/M3 (15% CPOH) 64/19.3.16 409148 | 130574@8121.3/M3 (15% CPOH) | 1741(25% ടെണ്ടർ കിഴിവ്) | 5255 |
| | ആകെ | | | | | | 61190 |

അധികം നൽകിയ ₹ 61190/- ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 <u>ബിറ്റുമിന്റെ വിലവ്യത്യാസം കരാറുകാരിൽ നിന്നും ഈടാക്കിയില്ല. നഷ്ടം ₹69506/-</u>

ഡി.എസ്.ആർ പ്രകാരമുള്ള ബിറ്റുമിന്റെ വിലയായ ₹50600/ടൺ നിരക്കാണ് റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാർക്ക് നൽകിയിരിക്കുന്നത്. എന്നാൽ 2015-2016 വർഷം ബിറ്റുമിന്റെ മാർക്കറ്റ് വില ₹31120/ടൺ ആണ്. 18.3.2014ലെ ജി.ഒ(ആർ.ടി)789/14 തസ്വഭവ പ്രകാരം ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ പ്രകാരമുള്ള തുകയാണ് ബിറ്റുമിന്റെ വിലയായി അനുവദിക്കാവുന്നത്. ഈ ഉത്തരവ് നാളിതുവരെ റദ്ദ ചെയ്യപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ ഡി.എസ്.ആർ പ്രകാരമുള്ള ബിറ്റുമിന്റെ വിലയായ ₹ 50600/ടൺ നൽകിയതിനാൽ ₹69506/-യുടെ നഷ്ടം പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു. ഇക്കാര്യത്തിൽ വ്യക്തമായ സ്പഷ്ടീകരണം സർക്കാരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. അതുവരെ ₹69506/- തടസ്സപ്പെടുത്തുന്നു.

| പ്രവർത്തിയുടെ പേര്/ പ്രൊജക്ട് നം. അടങ്കൽ | കരാറുകാരന്റെ പേര്/ എം ബുക്ക് നം/ ബിൽ നം/തുക | എം ബുക്ക് പ്രകാരം ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവർത്തിയുടെ അളവ് | ബിറ്റുമിന്റെ അളവ് (കി.ഗ്രാം) | SOR പ്രകാരമുള്ള നിരക്ക് (50.60/kg) | മാർക്കറ്റ് നിരക്ക് (31.12/kg) | ടെണ്ടർ കിഴിവ് | കരാറുകാരന് അധികം നൽകിയത് |
|---|---|---|---|---|---|---|---|
| വല്ലറക്കൻപാറ റോഡ് ടാറിംഗ് 142/16 500000/- | സാബു തോമസ്, 291/15-16 54/25.2.16 400000/- | 678എം2 | 2149.26 | 108752.55 | 66884.98 | 8834.00 (21.1 %) | 33033.94 |

| | | | | | | | |
|---|---|---|---|---|---|---|---|
| കാരിക്കത്തോട്-പഞ്ചപ്പൽപ്പേരി റോഡ് ടാറിംഗ്<br>39/16<br>750000/- | ജൂബിൻ കെ ജെ,<br>402/15-16<br>72/26.3.16<br>607195/- | 787.5എം2 | 2496.37 | 126316.32 | 77687.03 | 12157.32<br>(25%) | 36471.95 |
| ആകെ | | | | | | | 69506 |

അധികം നൽകിയ ₹69506/- എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-3** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും വാറ്റ് ഈടാക്കിയില്ല. നഷ്ടം **₹ 1,09,999/-**

2015-2016 വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 10 പ്രവൃത്തികൾ നടത്തുന്നതിന് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ജൂബിൻ കെ.ജെ.എന്ന കരാറുകാരന് ടെണ്ടർ ഉറപ്പിച്ചു നൽകുകയും ചെയ്തിരിക്കുന്നു. കരാർ പ്രകാരം താഴെ പറയുന്ന സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുണ്ട്.

| ഇനം | അളവ് | നിരക്ക് (₹) | തുക (₹) |
|---|---|---|---|
| 40 എം.എം. മെറ്റൽ | 95.00 എം3 | 1927 | 183065 |
| 20എം.എം. മെറ്റൽ | 54.80എം3 | 1687 | 92448 |
| എം സാൻഡ് | 75.40എം3 | 2187 | 164900 |
| സിമന്റ് | 740 ബാഗ് | 430 | 318200 |
| ആകെ | | | 758613 |

സാധനങ്ങൾ വാങ്ങിയതിന് കരാറുകാരൻ വാറ്റ് ഒടുക്കിയിട്ടുണ്ട് എന്ന് തെളിയിക്കുന്ന ബിൽ ഹാജരാക്കുകയോ ഫോം 8ബി സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല. കരാറുകാരന് ബിൽ നൽകിയപ്പോൾ നിയമാനുസൃതമായ വാറ്റ് (14.50%)ബില്ലിൽ കുറച്ചിട്ടുമില്ല. മേൽ സാഹചര്യത്തിൽ സാധനവില ₹758613/- യുടെ 14.50% തുക ₹109999/- വാറ്റ് ഇനത്തിൽ സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-4** പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളുകൾക്കും ഗ്രാമ കേന്ദ്രങ്ങൾക്കും ഫർണിച്ചർ വാങ്ങിയതിലെ അപാകതകൾ

2015-16 വർഷം പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളുകൾക്കും ഗ്രാമ കേന്ദ്രങ്ങൾക്കും ഫർണിച്ചർ വാങ്ങിയതിലെ അപാകതകൾ സംബന്ധിച്ച്.

I)

| | |
|---|---|
| പ്രോജക്ട് നമ്പർ | 12/2015-16 |
| പ്രോജക്ട് | കമ്മ്യൂണിറ്റി ഹാളുകൾക്ക് കസേരകളും, അലമാരയും വിതരണം |
| അടങ്കൽ തുക | 200000 |
| ബിൽ നമ്പർ | 39/15-16 ₹148200/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 7കമ്മ്യൂണിറ്റി ഹാളുകൾക്ക് കസേരകളും, അലമാരയും വിതരണം ചെയ്യുന്നതിനായി വിഭാവനം ചെയ്ത ഈ പദ്ധതി (I) പ്രകാരം KADCO തിരുവനന്തപുരത്ത് നിന്നും 300 കസേരകളും, 4അലമാരകളും വാങ്ങിച്ച് താഴെ പറയുന്ന രീതിയിൽ വിതരണം ചെയ്തിരിക്കുന്നു.

| ക്രമ നം. | കമ്മ്യൂണിറ്റി ഹാളിന്റെ പേര് | കസേര | അലമാര |
|---|---|---|---|
| 1 | ശാന്തിനഗർ | 40 | - |
| 2 | ഉടുമ്പൻചോല | 60 | 1 |
| 3 | മേട്ടകിൽ | 40 | - |
| 4 | തിങ്കൾക്കാട് | 40 | 1 |
| 5 | ചെമ്മണ്ണാർ | 40 | 1 |
| 6 | സിദ്ധൻപടി | 40 | - |
| 7 | മാട്ടുത്താവളം | 40 | 1 |

| | | | |
|---|---|---|---|
| | ആകെ | 300 | 4 |

II)

| | |
|---|---|
| പ്രോജക്ട് നമ്പർ | 11/2015-16 |
| പ്രോജക്ട് | ഗ്രാമ കേന്ദ്രങ്ങൾക്ക് ഫർണിച്ചർ |
| അടങ്കൽ തുക | 4,13,000/- |
| ബിൽ നമ്പർ | 38/15-16<br>203000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

14 ഗ്രാമ കേന്ദ്രങ്ങൾക്ക് 20 കസേരകളും 1അലമാരയും, വീതം നൽകുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം KADCO ൽ നിന്നും 280കസേരകളും,14 അലമാരയും, വാങ്ങുകയുണ്ടായി.

താഴെ പറയുന്ന കമ്മ്യൂണിറ്റി ഹാളുകൾ നേരിട്ട് പരിശോധിച്ചപ്പോൾ ഉണ്ടായിരുന്ന ഫർണിച്ചറുകളുടെ വിവരം ചുവടെ ചേർക്കുന്നു

| കമ്മ്യൂണിറ്റി ഹാളിന്റെ പേര് | 2008-09 മുതൽ നൽകിയ ഫർണിച്ചറുകൾ | | നിലവിലുള്ള ഫർണിച്ചറുകൾ 2015-16 | | കുറവ് | | 2014-15 വർഷ റിപ്പോർട്ടിൽ കുറവ് എണ്ണം പരാമർശിച്ചവ | ആകെ കുറവ് |
|---|---|---|---|---|---|---|---|---|
| | കസേര | അലമാര | കസേര | അലമാര | കസേര | അലമാര | | |
| മേട്ടകിൽ | | | | | | | | |
| 2009-10 | 264 | 6 | | | | | | |
| 2014-15 | 234 | 1 | | | | | | |
| 2015-16 | 40 | 1 | | | | | | |
| ആകെ | 538 | 8 | 204 | 03 | 334 | 5 | 114 | 220 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ശാന്തിനഗർ കമ്മ്യൂണിറ്റി ഹാൾ | | | | | | | | |
| 2008-09 | 86 | 4 | | | | | | |
| 2014-15 | 200 | 1 | | | | | | |
| 2015-16 | 40 | 1 | | | | | | |
| | 20 നൽകിയിട്ടില്ല | | | | | | | |
| ആകെ | 346 | 6 | (168-20) 148 | 03 | 198 | 3 | 142 | 56 |

<u>അപാകതകൾ</u>

1.ശാന്തിനഗർ കമ്മ്യൂണിറ്റി ഹാളും ശാന്തിനഗർ ഗ്രാമ കേന്ദ്രവും കമ്മ്യൂണിറ്റി ഹാളിൽ തന്നെയാണ് പ്രവർത്തിക്കുന്നത് . കമ്മ്യൂണിറ്റി ഹാളിന്റെ ആകെ വിസ്തീർണ്ണം 60 എം$^2$മാത്രമാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നികുതി ചട്ടങ്ങളിലെ ചട്ടം 38 പ്രകാരം സമ്മേളന സ്ഥലത്തിന് ഒരു ഇരിപ്പിടത്തിന്റെ വിസ്തീർണ്ണം പരാമാവധി 1.50 ച.മീറ്റർ എന്നിരിക്കെ 60 എം$^2$ വിസ്തീർണ്ണമുള്ള കമ്മ്യൂണിറ്റി ഹാളിന് ഓഡിറ്റ് സമയം വരെ 326 കസേരകളും 6 അലമാരകളും നൽകിയിരിക്കുന്നു. നേരിട്ടുള്ള പരിശോധനയിൽ 148 കസേരകളും 3 അലമാരകളും മാത്രമാണ് കമ്മ്യൂണിറ്റി ഹാളിൽ ഉള്ളത്. ആവശ്യത്തിലധികം കസേരകൾ ഉള്ള സ്ഥിതിക്ക് തൻവർഷം വീണ്ടും 20 കസേരകളും 1 അലമാരയും നൽകിയത് അംഗികരിക്കാവുന്നതല്ല.

2.മേട്ടകിൽ കമ്മ്യൂണിറ്റി ഹാളിന് ഓഡിറ്റ് സമയം വരെ 538 കസേരകളും 8 അലമാരകളും നൽകിയിരിക്കുന്നു. നേരിട്ടുള്ള പരിശോധനയിൽ 204 കസേരകളും 3 അലമാരകളും മാത്രമാണ് കമ്മ്യൂണിറ്റി ഹാളിൽ ഉള്ളത്. കമ്മ്യൂണിറ്റി ഹാളിന്റെ ആകെ വിസ്തീർണ്ണം 80 എം$^2$ മാത്രമാണ്. ആവശ്യത്തിലധികം കസേരകളും അലമാരകളും ഉള്ളസ്ഥിക്ക് തൻവർഷം വീണ്ടും 40 കസേരകളും 1 അലമാരയും നൽകിയത് അംഗീകരിക്കുന്നില്ല.

3.ശാന്തിനഗർ കമ്മ്യൂണിറ്റി ഹാളിൽ കുറവ് വന്ന 56 കസേരകളുടെയും 3 അലമാരയുടെയും മേട്ടകിൽ കമ്മ്യൂണിറ്റി ഹാളിൽ കുറവ് വന്ന 220 കസേരകളുടെയും 5 അലമാരയുടെയും വിശദീകരണം നൽകേണ്ടതാണ്. ഭരണവകുപ്പിന്റെ തുടർ നടപടികൾ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

4.ഗ്രാമ കേന്ദ്രങ്ങളിലേയ്ക്കുള്ള ഫർണിച്ചറുകൾ കൈപ്പറ്റിയതായി മെമ്പർമാരുടെ കൈപ്പറ്റ് രസീത് ഉണ്ടെങ്കിലും താഴെ പറയുന്ന ഫർണിച്ചർ വിതരണം നടത്തിയിട്ടില്ല.

| ഗ്രാമ കേന്ദ്രങ്ങൾ | കസേര | അലമാര |
|---|---|---|
| ശാന്തിനഗർ | 20 | 1 |
| വല്ലറക്കമ്പാറ | 20 | 1 |
| മണത്തോട് | 20 | |
| കല്ലുപാലം | - | 1 |
| ആകെ | 60 | 3 |

5. പല കമ്മ്യൂണിറ്റി ഹാളുകളിലും മുൻ വർഷങ്ങളിൽ വാങ്ങി നല്കിയ ധാരാളം കസേരകളും, അലമാരകളും ഉള്ളപ്പോഴാണ് വീണ്ടും ഇവ വാങ്ങിയിരിക്കുന്നത്. വാങ്ങി നല്കുന്ന ഉപകരണങ്ങൾക്ക് നമ്പരിട്ട് സൂക്ഷിക്കുകയോ സ്ഥാപനങ്ങളിൽ ഇവ സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

വില വിവരം

കസേര ₹410x60=24600

അലമാര ₹6300x2=12600

ആകെ = ₹37200/-

2015-16ൽ അധികമായി വാങ്ങിയ 60 കസേരകളുടെയും 2 അലമാരകളുടെയും ആവശ്യവും മേൽ സൂചിപ്പിച്ച പ്രകാരം നിലവിലുള്ള കസേരകളുടെ സ്ഥിതിയും ഭരണ വകുപ്പ് അടിയന്തിരമായി അന്വേഷിക്കേണ്ടതാണ്.

## 3-5 പച്ചക്കറി വികസനം / ഏലം കൃഷി പുനരുദ്ധാരണം- ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. ചെലവ് തടസ്സം ₹1,76,250/-

നിർവ്വഹണം-കൃഷി ഓഫിസർ

| നം | പദ്ധതി നം &പദ്ധതി | ചെലവ് ഇനം | ബിൽ നം തീയതി | തുക₹ | ആകെ₹ |
|---|---|---|---|---|---|
| 1 | 134/15-16പച്ചക്കറി വികസനം വനിത | 18 ഗുണഭോക്താക്കൾക്ക് ₹22 നിരക്കിൽ 47 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് വാങ്ങി വിതരണം നടത്തി | ബിൽ നം 09/2015-16 തീ. 31.03.2016 | 13959 | 309425 |

| | | | | | |
|---|---|---|---|---|---|
| | | 18x47=846 കി.ഗ്രാം<br>846x22=18612<br>ധനസഹായം 13959/-(18 പേർക്കുള്ള 75% സബ്സിഡി തുക) | | | |
| | | 381 ഗുണഭോക്താക്കൾക്ക് ₹22നിരക്കിൽ 47 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് വാങ്ങി വിതരണം നടത്തി. 188 ഗുണഭോക്താക്കൾക്ക്<br>ആവശ്യമായ രേഖകൾ ഇല്ല.<br>188x47=8836 കി.ഗ്രാം<br>8836x22=194392<br>ധനസഹായം 145794/-(₹194392/-ന്റെ 75%) | ബിൽ നം 5/2015-16 തീ 23.01.2016 | 295466 | |
| 2 | എസ്133 /2015<br>ഏലം കൃഷി പുനരുദ്ധാരണം | 13 ഗുണഭോക്താക്കൾക്ക് ₹22നിരക്കിൽ 77 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് വാങ്ങി വിതരണം നടത്തി.<br>1001x22=₹22022<br>ധനസഹായം ₹16497 | ബിൽ നം 04/2015-16 തീ 22.01.2016<br>₹16497 | | ₹16497 |
| ആകെ ₹176250 | | | | | 325922 |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതികളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.11.2013 ലെ സ.ഉ (കൈ) 362/2013 ഖണ്ഡിക 3.1.1 മാനദണ്ഡങ്ങൾ പ്രകാരം ഗുണഭോക്താക്കൾ നാമമാത്ര കർഷകരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ₹176250/-(13959+145794+16497)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ഐ.എ.വൈ വിഹിതം നൽകിയത് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.തടസ്സം ₹16,79,748/-

2015-16 വർഷത്തിൽ താഴെ പറയുന്ന ഐ.എ.വൈ വിഹിതം നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

| ക്രമ.നം | ബിൽ നം/തിയതി | തുക ₹ | ഡി.ഡി.നമ്പർ/തിയതി |
|---|---|---|---|
| നിർവ്വണം- സെക്രട്ടറി | | | |

| | | | |
|---|---|---|---|
| 1 | 52/15-16 30.03.2016 | 564585 | 87236/06.04.2016 |
| 2 | 53/15-16 30.03.2016 | 490000 | 875297/31.03.2016 |
| 3 | 55/15-16 30.03.2016 | 300000 | 875794/31.03.2016 |
| | ആകെ | 1354585 | |
| നിർവ്വണം- അസി.സെക്രട്ടറി | | | |
| 1 | 03/15-16 27.10.2015 | 325163 | 174837/27.10.2015 |
| | ആകെ | 325163 | |
| | | 1679748 | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ₹16,79,748/-യുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 മുയൽ വളർത്തൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ സംമ്പന്ധിച്ച്

| | |
|---|---|
| പദ്ധതി നം | 165/2015-16 |
| പദ്ധതി | മുയൽ വളർത്തൽ (വനിത) |
| അടങ്കൽ | വികസന ഫണ്ട് :₹300000/-<br>തൻവർഷം 75000<br>ഗുണഭോക്തൃ വിഹിതം :₹300000/-<br>തൻവർഷം 75000 |
| ബിൽ നം തീയതി | 1/2015-16 തീയതി :15-03-2016 തുക ₹45000/-<br>(ഡി.ഡി നം 106522 തീയതി :16.03.2016) |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

45 വനിതാ ഗുണഭോക്താക്കൾക്ക് മുയൽ വാങ്ങി നൽകുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണിത്. പദ്ധതി പ്രകാരം താഴെ പരാമർശിക്കും പ്രകാരം മുയലുകളെ ഗുണഭോക്താക്കൾക്ക് നൽകിയതായി സ്വയം സഹായസംഘം സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

| ബിൽ നം തീയതി | തുക ₹ | ഡി.ഡി നം തീയതി | മുയലുകളുടെ തൂക്കം (കി.ഗ്രാം) | നൽകിയ സ്ഥാപനം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1/15-16 | 45000 | 106522 | 450 | അക്ഷയ സ്വയം സഹായ സംഘം, ചെമ്മണ്ണൂർ | 45 |

പദ്ധതി നിർവ്വഹണത്തിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1) മുയൽ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

2) മുയലുകളെ നൽകിയതിന് ഗുണഭോക്തൃ വിഹിതമായി തുക ലഭിച്ചിട്ടുണ്ടെന്ന് സംഘം കത്തുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്യാഷ് രസീത് ഫയലിൽ ലഭ്യമല്ല.

3) ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ നിജസ്ഥിതി അറിയുന്നതിനായി സംഘങ്ങളുടെ ബാങ്ക് പാസ്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4) എത്രയെണ്ണം മുയലിനെ ലഭിച്ചു എന്നു കാണിക്കുന്ന ഗുണഭോക്താവിന്റെ കൈപ്പറ്റ് രസീത് ലഭ്യമല്ല.

5) ഗുണഭോക്താക്കൾ ചെറുകിട നാമമാത്ര കർഷകരാണെന്ന് തെളിയിക്കുന്ന രേഖയില്ല.

6) മുയൽ വളർത്തൽ തൊഴിലായി നടത്തുന്നവർക്ക് മാത്രം സബ്സിഡി നൽകേണ്ടതാണ്, കൂട് പഞ്ചായത്തിൽ നിന്നും നൽകാത്ത സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് മുയൽ കൂട് ഉണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ് തുടങ്ങിയ നിർദ്ദേശങ്ങൾ പാലിച്ചതിന് രേഖയില്ല.

അപാകതകൾ സൂചിപ്പിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-1) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.11.2013-ലെ സ.ഉ.(കൈ)362/2013 ഉത്തരവ് പ്രകാരമുള്ള രേഖകൾ ഹാജരാക്കാത്തതിനും ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ നിജസ്ഥിതി ഓഡിറ്റിനെ ബോധ്യപ്പെടുത്തിട്ടില്ലാത്തതിനാലും വികസന ഫണ്ടിൽ നിന്നുള്ള ₹45000/-യുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-8 ഉൽസവബത്ത തിരികെ ഈടാക്കാത്തത് സംബന്ധിച്ച്

വൗച്ചർ നം. 27500325/22.8.15 പ്രകാരം ശ്രീ. പി. ആർ വിജയസേനൻ, ജെ.എസി–ന് ഉൽസവ ബത്ത ഇനത്തിൽ 10000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ഈ തുക തിരിച്ചടച്ചിട്ടില്ല. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾ സംബന്ധിച്ച ഫണ്ട് വിനയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ (ജവഹർ ഭവന പദ്ധതി) 3100000/- രൂപ വരവുണ്ട്. എന്നാൽ ഈ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.സ് ഭവന പദ്ധതി | ജി.ഒ(എം.സ്) 229/10 എൽ.എസ്.ജി.ഡി തീ.21.1.10 | 18585000 | 6889000 | 3717000 | 3172000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 3-19 | 13658 | ശ്രീമതി ശശികല | 64/57779 തീ.12.10.2015 |
| 2008-09 | 3-19 | 13658 | ശ്രീ. ജിമ്മി ജോർജ് | 65/57779 തീ. 12.10.2015 |
| 2008-09 | 3-19 | 6042 | ശ്രീ. സുധാകർ എസ്സ് | 80/57779 തീ. 12.10.2015 |
| 2006-07 | 3-1 | 3000 | ശ്രീ എം കെ ചെല്ലപ്പൻ | 05/57779 തീ. 22.6.2015 |
| 2006-07 | 3-1 | 1900 | ശ്രീ എം കെ ചെല്ലപ്പൻ | 11502400010 തീ. 18.9.16 |
| 2006-07 | 3-1 | 4500 | ശ്രീ എം കെ ചെല്ലപ്പൻ | 11502400017 തീ. 18.11.2015 |
| ആകെ | | 42758 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-5 | 2006-07 | 3.35.1 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല | |
| 2002-03 | 2-2 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്റർ എഴുതുന്നില്ല | |
| 2004-05 | 3-7 | 2008-09 | 37.2 | ആശ്രയ ഭവന പദ്ധതി, രേഖകളും, രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല | |
| 2006-07 | 3-4 | 2010-11 | 2.14 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല | |
| - | - | 2012-13 | 3-6 | ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ് | |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48961673 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68771363 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 171189 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1970504 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | ₹ 61190/- | 30595/- ശ്രീ. സിയാദ്, അസ്സിസ്റ്റന്റ് എഞ്ചിനിയർ<br>30595/- ശ്രീ.ജി.ശിവകുമാർ, അസി.എക്സി.എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 69506/- | ശ്രീ. സിയാദ്, അസ്സിസ്റ്റന്റ് എഞ്ചിനിയർ |
| 3-5 | 176250/- | ശ്രീ. ഷാജി ഇ. കെ, കൃഷി ഓഫീസർ |
| 3-6 | 1679748/- | ശ്രീമതി. ഇന്ദിര പി, സെക്രട്ടറി |

| | | |
|---|---|---|
| 3-8 | 45000/- | ഡോ. ജേക്കബ് മാത്യൂ, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 109999 | ബിന്ദ മാത്യൂസ്, അസ്സിസ്റ്റന്റ് സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-5, 3-6, 3-8

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സിയാദ്,<br>അസ്സിസ്റ്റന്റ് എഞ്ചിനിയർ | അസി.എൻജിനീയർ<br>ഉടുമ്പഞ്ചോല<br>ഗ്രാമപഞ്ചായത്ത് | സിയാദ് മൻസിൽ<br>അരിനല്ലൂർ സൗത്ത് പി.ഒ<br>തേവലക്കര, കൊല്ലം |
| ശ്രീ.ജി.ശിവകുമാർ,<br>അസി.എക്സിക്യൂട്ടീവ്<br>എൻജിനീയർ | അസി.എക്സിക്യൂട്ടീവ്<br>എൻജിനീയർ<br>എൽ.എസ്.ജി.ഡി.,<br>നെടുങ്കണ്ടം സബ്ഡിവിഷൻ | ആയില്യം<br>മുനിസിപ്പൽ ഓഫീസ് റോഡ്,<br>ആലപ്പുഴ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1972-73 | എൽ.എഫ്.ഐ-5/62/88/10.02.88 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളിലെ തടസ്സങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് |
| 1975-76 | എൽ.എഫ്.ഐ-5/62/88/10.02.88 | -ടി- |
| 1976-77 | എൽ.എഫ്.ഐ-5/62/88/10.02.88 | -ടി- |
| 1978-79 | എൽ.എഫ്.ഐ-5/62/88/10.02.88 | -ടി- |
| 1978-79 | എൽ.എഫ്.ഐ-5/62/88/10.02.88 | -ടി- |
| 1979-80 | എൽ.എഫ്.ഐ-5/62/88/10.02.88 | -ടി- |
| 1980-81 | എൽ.എഫ്.ഐ-5/62/88/10.02.88 | -ടി- |
| 1981-82 | എൽ.എഫ്.ഐ-5/62/88/10.02.88 | -ടി- |

| | | |
|---|---|---|
| 1982-83 | എൽ.എഫ്.ഐ-5/47/85/14.11.86 | -ടി- |
| 1982-83 | എൽ.എഫ്.ഐ-5/47/85/14.11.86 | -ടി- |
| 1983-84 | എൽ.എഫ്.ഐ-5/515/87/08.06.87 | -ടി- |
| 1984-85 | എൽ.എഫ്.ഐ-5/605/88/12.10.88 | -ടി- |
| 1985-86 | എൽ.എഫ്.ഐ-5/241/90/28.02.90 | -ടി- |
| 1986-87 | എൽ.എഫ്.ഐ-5/1148/90/19.04.91 | -ടി- |
| 1987-88 | എൽ.എഫ്.ഐ-5/360/90/19.04.91 | -ടി- |
| 1988-89 | എൽ.എഫ്.ഐ-5/328/93/18.07.93 | -ടി- |
| 1989-90 | എൽ.എഫ്.ഐ-5/328/93/18.07.93 | -ടി- |
| 1990-91 | എൽ.എഫ്.ഐ-5/271/94/18.07.94 | -ടി- |
| 1991-92 & 1992-93 | എൽ.എഫ്.ഐ-5/291/95/02.01.96 | -ടി- |
| 1993-94 മുതൽ 1995-96 വരെ | എൽ.എഫ്.ഐ-8/160/98/30.01.99 | -ടി- |
| 1996-97 | എൽ.എഫ്.ഐ-8/305/98/30.12.98 | -ടി- |
| 1997-98 | എൽ.എഫ്.ഐ-8/151/99/27.09.99 | -ടി- |
| 1998-99 | എൽ.എഫ്.ഐ-8/307/2000/ 21.10.2000 | -ടി- |
| 1999-2000 | എൽ.എഫ്.ഐ-8/64/01/09.07.01 | -ടി- |
| 2000-01 | എൽ.എഫ്.ഐ-8/113/03/06.08.03 | -ടി- |
| 2001-02 | എൽ.എഫ്.ഐ-8/41/04/27.09.04 | -ടി- |
| 2002-03 | എൽ.എഫ്.ഐ-10/98/07/08.05.08 | -ടി- |
| 2003-04 | എൽ.എഫ്.ഐ-10/1072/07/ 02.01.08 | -ടി- |
| 2004-05 | എൽ.എഫ്.ഐ-10/1075/07/ 14.10.08 | -ടി- |
| 2005-06 | എൽ.എഫ്.ഐ-10/1076/07/ 30.07.08 | -ടി- |
| 2006-07 | എൽ.എഫ്.ഐ-10/415/09/10.03.10 | -ടി- |
| 2007-08 | എൽ.എഫ്.ഐ-12/873/11/14.10.11 | -ടി- |
| 2008-09 | എൽ.എഫ്.ഐ-12/724/11/21.01.13 | -ടി- |
| 2009-10 | എൽ.എഫ്.ഐ-12/725/11/22.02.13 | -ടി- |
| 2010-11 | എൽ.എഫ്.ഐ-12/280/13/17.04.13 | -ടി- |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.ഐ-12/280/13/17.04.13 | -ടി- |
| 2012-13 | എൽ.എഫ്.ഐ-12/179/15/11.02.15 | -ടി- |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ-12/ 974/2015 | -ടി- |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-12/621/2016 | -ടി- |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഐ.ഡി.കെ-12/1362/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇടുക്കി, തൊടുപുഴ
Ph: 04862-227332
E-mail-doidk.ksad@kerala.gov.in
തീയതി: 07.10.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK-12/1362/2016

Kerala State Audit Department
District Audit Office,
Idukki, Thodupuzha
Ph:04862-227332
E-mail-doidk.ksad@kerala.gov.in

Dated: 07.10.2016

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Udumbanchola Grama Panchayat in Idukki District for the year ended on 31.03.2016 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of

the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Udumbanchola Grama Panchayat for the year 2015-16, except the observations in my audit report, properly presents the picture of Income and Expenditure.

DEPUTY DIRECTOR
IDUKKI